(ഡി) ലഭ്യമായ ജലവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ സാദ്ധ്യതകൾ ആരായാൻ സർക്കാർ തയ്യാറാവുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി&സി) നിലം നികത്തുന്നതുമൂലം ഭൂഗർഭജലത്തിന്റെ അളവ് കുറയുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ പാറക്കെട്ടുകളിലും മറ്റ് ആഴമേറിയ ഭൂജല സ്രോതസുകളിലും തങ്ങി നിൽക്കുന്ന ഭൂജലത്തെ ഇത് ബാധിക്കുന്നതല്ല. നിലം നികത്തുന്നതു മൂലം പ്രസ്തുത പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് കടുത്ത വരൾച്ചയും അനുഭവപ്പെടുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ വേണ്ട നടപടികൾ എടുത്തു വരുന്നു.

ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി

21 (*50) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ആദിവാസി സങ്കേതങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(സി) സ്വന്തമായി വീടില്ലാത്ത മുഴുവൻ ആദിവാസികൾക്കും വീട് നിർമ്മിച്ചു നൽകാനുള്ള പദ്ധതി നിലവിലുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്;

(ഇ) ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ആദിവാസി സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ സൗജന്യമായി നൽകാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക – പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) എല്ലാ സങ്കേതങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. കൂടാതെ 247 ആദിവാസി സങ്കേതങ്ങളെ ഐ.എച്ച്.ഡി.പി. കോളനികളായി പ്രഖ്യാപിച്ച് കൂടുതൽ സഹായവും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകളും വീടു നൽകാനുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകിവരുന്നത്.

(ഡി) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്ത് 526 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ നൽകിയിട്ടുള്ള വീടുകളുടെ കണക്ക് ലഭ്യമല്ല.

(ഇ) കോട്ടയം, കൊല്ലം ജില്ലകളിൽ പുതിയ മോഡൽ റസിഡൻസ്യൽ സ്കൂളുകൾ ആരംഭിക്കുക, ഔഷധ സസ്യക്കൃഷിയും അതിന്റെ സംസ്ക്കരണവും ഉദ്ദേശിച്ചുള്ള പ്രോസസിംഗ് യൂണിറ്റ് അനുവദിക്കുക, പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക (നഷ്ടപ്പെട്ട മനുഷ്യ പ്രയത്ന ദിവസങ്ങൾക്ക്) പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് വേണ്ടി പാലക്കാട് ആശ്രമം സ്കൂൾ ആരംഭിക്കുക, അടിമ, പണിയ വിഭാഗങ്ങൾക്കുവേണ്ടി വയനാട് ലോക്കൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക എന്നിവയാണ് പുതിയ പദ്ധതികൾ. കൂടാതെ എല്ലാ സങ്കേതങ്ങളിലും സോഷ്യൽ ആക്റ്റിവിസ്റ്റുകളുടെ നിയമനം അട്ടപ്പാടി, ഇടുക്കി എന്നിവിടങ്ങളിലെ ആരോഗ്യപദ്ധതികൾ എന്നിവയും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) ആദിവാസി സങ്കേതങ്ങൾ വൈദ്യുതീകരിക്കുന്നതിനും വീടുകൾ വയറിംഗ് നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സങ്കേതങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഗ്രാമവികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് ത്രിതല പഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികൾ വഴി പദ്ധതികൾ നടപ്പാക്കി വരുന്നു.

വൈദ്യുത ഉപഭോക്താക്കളുടെ കൺസ്യൂമർ കാർഡ്

22 (*51) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly